**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 530** **17-09-2025 - ൽ മറുപടിയ്ക്ക്**

**വായ്പ കുടിശ്ശികക്ക് അധിക ഫീ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന സന്ദർഭങ്ങളിൽ, പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന കുടിശ്ശികയോടൊപ്പം രണ്ട് ശതമാനം തുക അധിക ഫീസായി ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; ഇപ്രകാരമൊരു തീരുമാനം എടുക്കുന്നതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ശമ്പള റിക്കവറി നടത്തുന്ന കേസുകളിൽ ശമ്പള റിക്കവറി ഫീസ് (Salary Recovery Fees) ആയി 2% തുക റിക്കവറി തുകയിൽ നിന്നും സർക്കാർ ഈടാക്കുന്നതിന് 13.08.2025 ലെ സ.ഉ(അ)നം.101/2025/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം അനുസരിച്ച് സ്ഥിരമായി കടബാധ്യത സൃഷ്ടിക്കുന്ന പ്രവണത അഭിലഷണീയമല്ല. പെരുമാറ്റചട്ടം 51 തൊട്ട് 55 അനുസരിച്ച് ഒരു സർക്കാർ ജീവനക്കാരന് വായ്പ എടുക്കുന്നത് മൂലമോ ജാമ്യം നിൽക്കുന്നത് മൂലമോ പാപ്പരാകുകയോ ചെയ്താൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതാണ്. വായ്പ പരിധിക്ക് മുകളിൽ സ്ഥിരമായി വായ്പകൾ എടുക്കുകയും തിരിച്ചടവ് സ്ഥിരമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം അനുസരിച്ച് അഭിലഷണീയമല്ല. കൂടാതെ, മുഖ്യകടക്കാരൻ വിരമിച്ച്, പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും, ടി ബാദ്ധ്യത ജാമ്യക്കാരന്റെ ബാദ്ധ്യതയായി കണക്കാക്കുകയും ചെയ്യുന്ന സാഹചര്യം സംജാതമാകുന്നു. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന തുകയുടെ 2 % റിക്കവറി ഫീ ആയി ജീവനക്കാരനിൽ നിന്നും ഈടാക്കുവാൻ തീരുമാനം കൈക്കൊണ്ടത്. പ്രസ്തുത സാഹചര്യത്തിൽ, ടി നിബന്ധന ഒഴിവാക്കുവാൻ നിർവാഹമില്ലാത്തതാണ്. |
| (ബി) | പ്രസ്തുത തീരുമാനം മുഖേന ജീവനക്കാരന് ഉണ്ടാകുന്ന അധിക പ്രയാസം കണക്കിലെടുത്ത് ഈ നിബന്ധന ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ? | (ബി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ശമ്പള റിക്കവറി നടത്തുന്ന കേസുകളിൽ ശമ്പള റിക്കവറി ഫീസ് (Salary Recovery Fees) ആയി 2% തുക റിക്കവറി തുകയിൽ നിന്നും സർക്കാർ ഈടാക്കുന്നതിന് 13.08.2025 ലെ സ.ഉ(അ)നം.101/2025/ധന ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം അനുസരിച്ച് സ്ഥിരമായി കടബാധ്യത സൃഷ്ടിക്കുന്ന പ്രവണത അഭിലഷണീയമല്ല. പെരുമാറ്റചട്ടം 51 തൊട്ട് 55 അനുസരിച്ച് ഒരു സർക്കാർ ജീവനക്കാരന് വായ്പ എടുക്കുന്നത് മൂലമോ ജാമ്യം നിൽക്കുന്നത് മൂലമോ പാപ്പരാകുകയോ ചെയ്താൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതാണ്. വായ്പ പരിധിക്ക് മുകളിൽ സ്ഥിരമായി വായ്പകൾ എടുക്കുകയും തിരിച്ചടവ് സ്ഥിരമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം അനുസരിച്ച് അഭിലഷണീയമല്ല. കൂടാതെ, മുഖ്യകടക്കാരൻ വിരമിച്ച്, പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും, ടി ബാദ്ധ്യത ജാമ്യക്കാരന്റെ ബാദ്ധ്യതയായി കണക്കാക്കുകയും ചെയ്യുന്ന സാഹചര്യം സംജാതമാകുന്നു. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന തുകയുടെ 2 % റിക്കവറി ഫീ ആയി ജീവനക്കാരനിൽ നിന്നും ഈടാക്കുവാൻ തീരുമാനം കൈക്കൊണ്ടത്. പ്രസ്തുത സാഹചര്യത്തിൽ, ടി നിബന്ധന ഒഴിവാക്കുവാൻ നിർവാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ